# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4816 — 04/07/2012 ൽ മറുപടിക്ക്

**പി.എസ്.സി നിയമന പ്രായപരിധി 18-35-ൽ നിന്നും 18-36 ആക്കാൻ നടപടി**

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) പെൻഷൻ പ്രായം ഏകീകരണം പിൻവലിച്ചതിനെ തുടർന്നുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (എ) പെൻഷൻ പ്രായം ഏകീകരണം പിൻവലിച്ചതിനെതുടർന്നുള്ള ഒഴിവുകൾ നികത്തുന്നതിനായി 2013 കലണ്ടർ വർഷത്തെ എല്ലാ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) സർക്കാർ ജീവനക്കാരുടെ പെൻഷൻ ഏകീകരണ ഉത്തരവ് പിൻവലിച്ചതിനെ തുടർന്നും ഒരു വർഷത്തെ സർവ്വീസ് കാലയളവ് നീട്ടിനൽകിയതിനെ തുടർന്നും പി.എസ്.സി. നിയമനത്തിനായുള്ള പ്രായപരിധി 18-35ൽ നിന്നും 18-36 ആക്കി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ദയവായി സ്വീകരിക്കുമോ ? | (ബി) 1.4.2012 മുതൽ പ്രാബല്യത്തോടെ പി.എസ്.സി. വിജ്ഞാപന പ്രകാരം അപേക്ഷിക്കുന്നതിനുള്ള എല്ലാ വിഭാഗം ഉദ്യോഗാർത്ഥികളുടെയും ഉയർന്ന പ്രായപരിധി 20.6.12ലെ സ.ഉ.(എം.എസ്) നമ്പർ 28/2012/ഉഭപവ പ്രകാരം ഒരു വർഷം ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ